സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിലെ റാഗിംഗ്

52 [1153] ശ്രീ. ലൂഡി ലൂയിസ് :
,, എം. എം. ഹസ്സൻ :
,, കെ. സുധാകരൻ :
,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാല നടത്തുന്ന സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിൽ 2005-ൽ റാഗിംഗിന്റെ പേരിൽ വിദ്യാർത്ഥിനിയെ പീഡിപ്പിച്ചത് ആരെല്ലാമാണ് ;

(ബി) ഇവരുടെ പേരിൽ ഏതെല്ലാം കുറ്റകൃത്യങ്ങൾക്കുള്ള കേസ്സുകൾ നിലവിലുള്ളപ്പോഴാണ് ഇവർ റാഗിംഗിന്റെ പേരിൽ വിദ്യാർത്ഥിനിയെ പീഡിപ്പിച്ചത് ;

(സി) ഈ സംഭവത്തിനെതിരെ എസ്.എഫ്.ഐ. സമരം സംഘടിപ്പിച്ചിരുന്നോ ;

(ഡി) ഈ സംഭവത്തിൽ വിദ്യാർത്ഥിനിയെ പീഡിപ്പിച്ചവർ ഏത് വിദ്യാർത്ഥി സംഘടനയിലുള്ളവരാണ് ;

(ഇ) ഇവരിലാരെങ്കിലും പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥി സംഘടനയുടെ യൂണിറ്റ് ഭാരവാഹിയാണോ ;

(എഫ്) എങ്കിൽ ഏത് സംഘടനയുടേതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള എസ്.എം.ഇ.-യിലെ വിദ്യാർത്ഥിനിയെ പീഡിപ്പിച്ചതിന്റെ പേരിൽ 3-ാം വർഷ നേഴ്സിംഗ് വിദ്യാർത്ഥികളായ താഴെ പറയുന്നവരെ പ്രതി ചേർത്ത് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് :

(1) ഓടനാവട്ടം രാജി വില്ലയിൽ രൺജിത് വർഗ്ഗീസ്.
(2) ചുള്ളിമല താഴത്തുവീട്ടിൽ ഷെറിൻ. എസ്.
(3) അതിരമ്പുഴ ഷാനി മൻസിൽ ഷെഫീക് യൂസഫ്.
(4) കല്ലട പുത്തൻവീട്ടിൽ വൈറ്റ് ഹൗസിൽ ആഷ്ലി വർഗ്ഗീസ്.
(5) മുക്കന്നൂർ വില്ലേജിൽ പാലാട്ടു വീട്ടിൽ റോബിൻ പോൾ.
(6) കല്ലുംകടവ് ദേശത്ത് കല്ലുംപുറത്ത് കടവിൽ ഡിവൈൻ ഫിലിപ്പ്.

(ബി) മേൽപ്പറഞ്ഞവരുടെ പേരിൽ മറ്റു കേസുകൾ നിലവിലുള്ളതായി അറിവില്ല.

(സി) റാഗിംഗ് സംഭവത്തിനെതിരെ വിദ്യാർത്ഥികൾ സംഘടനാ ഭേദമന്യേ സമരം സംഘടിപ്പിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രതികളുടെ സംഘടനാ ബന്ധം സർവ്വകലാശാലയുടെ രേഖകളിൽ നിന്നും വ്യക്തമല്ല.

(ഇ & എഫ്) സംഘടനാ ഭാരവാഹിത്വം ഉള്ളതായി അറിവില്ല.

എം. ജി. സർവ്വകലാശാലയുടെ കീഴിലുള്ള പിറവം ബി. പി. സി. കോളേജിലെ കോഴ്സുകൾ

53 [1154] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന പിറവം ബി.പി.സി. കോളേജിൽ നിലവിൽ എത്ര കോഴ്സുകൾ ഉണ്ട് ;

(ബി) ഇതിൽ എയ്ഡഡ് കോഴ്സുകൾ എത്ര ; അൺഎയ്ഡഡ് കോഴ്സുകൾ എത്ര എന്ന് വ്യക്തമാക്കുമോ :

(സി) ഡിഗ്രിതലത്തിലുള്ള ഇംഗ്ലീഷ് ലിറ്ററേച്ചർ വിത്ത് ജേർണലിസം എന്ന കോഴ്സിന്റെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ച് യൂണിവേഴ്സിറ്റി, സർക്കാരിലേക്ക് സമർപ്പിച്ച ചാൻസിലർ അംഗീകരിക്കേണ്ട ഡ്രാഫ്റ്റിനുള്ള അംഗീകാരം നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണ് ; എന്നത്തേക്ക് ഇത് സംബന്ധമായ തീരുമാനം കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ;

(ഇ) ബി.പി.സി. കോളേജ് 2006-07 അധ്യയന വർഷത്തേക്ക് എത്ര കോഴ്സുകൾക്ക് എം.ജി. യൂണിവേഴ്സിറ്റിയിൽ അപേക്ഷ നൽകിയിട്ടുണ്ട് ;

(എഫ്) അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആറ്.

(ബി) നാല് എയ്ഡഡ് കോഴ്സുകളും രണ്ട് അൺഎയ്ഡഡ് കോഴ്സുകളും ഉണ്ട്.

(സി & ഡി) മഹാത്മാഗാന്ധി സർവ്വകലാശാലാ നിയമം 1985-ലെ വകുപ്പ് 37 (സി) പ്രകാരം വർക്ക് ലോഡും സ്റ്റാഫ് പാറ്റേണും നിശ്ചയിക്കുന്നതിനുള്ള കരട് ഓർഡിനൻസ് സിൻഡിക്കേറ്റ് തയ്യാറാക്കുകയും സർവ്വകലാശാലാ നിയമത്തിലെ 38 (4) വകുപ്പ് പ്രകാരം മുൻകൂർ അനുമതിക്കായി സർക്കാരിന് നൽകുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക ബാദ്ധ്യത വരുന്ന കാര്യമായതിനാൽ അക്കാര്യം പരിഗണിച്ച് മാത്രമേ അനുമതി നൽകാൻ കഴിയൂ.

(ഇ & എഫ്) 2006-07 അധ്യയന വർഷത്തിലേക്ക് ബി.എസ്.സി. മാത്തമാറ്റിക്സ്, എം.ബി.എ. എന്നീ കോഴ്സുകൾക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly